ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"പ്രാർത്ഥനയാൽ അനുഗ്രഹിക്കുക."
(തിരുവചന ചിന്തകൾ)

SEPTEMBER
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "പ്രാർത്ഥനയാൽ അനുഗ്രഹിക്കുക. " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 17

DIVINE HOPE MISSIONARIES
BRISTOL

പ്രാർത്ഥനയാൽ അനുഗ്രഹിക്കുക.

(തിരുവചന ചിന്തകൾ)

ഓരോ കാലഘട്ടം കഴിയുന്തോറും പ്രകടമായ വ്യത്യാസങ്ങളാണ് നാം ചുറ്റിനും കണ്ടുകൊണ്ടിരിക്കുന്നത്. സാങ്കേതിക വിദ്യയുടെ വളർച്ചയും അതിലൂടെയുള്ള മനുഷ്യന്റെ പ്രയാണങ്ങളും അവയുടെ ജയ-പരാജയങ്ങളും സംസ്കാരങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന വൈവിധ്യങ്ങളും എല്ലാ കാലഘട്ടത്തിലും മനുഷ്യൻ കണ്ടിട്ടുണ്ട്. വാസ്തവത്തിൽ ഇതുതന്നെയാണ് എല്ലാക്കാലത്തും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ സമൂഹവും വ്യക്തികളും അവരുടെ ജീവിതവീക്ഷണവും ചെയ്തികളും ആഗ്രഹങ്ങളും ജീവന ചിന്തകളും എന്നും മാറിക്കൊണ്ടേയിരിക്കുന്നു. ഒപ്പം, അവർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നനങ്ങളും അവരിൽ ഉരുവായിവരുന്ന ആശങ്കകളും എണ്ണമില്ലാത്തവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ഒരുകാലത്തു മനുഷ്യർ അടിസ്ഥാന ആവശ്യമായി കരുതിയിരുന്ന കാര്യങ്ങളിൽപോലും ഇന്ന് മാറ്റം സംഭവിച്ചിരിക്കുന്നു. ഒപ്പം, ക്രമാതീതമായ ഒരു വ്യഗ്രത എല്ലാവരിലും ഇന്ന് കണ്ടുതുടങ്ങിയിരിക്കുന്നു.

കൊഴിഞ്ഞുപോവുന്ന കഴിഞ്ഞ കാലങ്ങളെ നല്ല കാലമെന്നോ അല്ലെങ്കിൽ ഇന്നുള്ളതിനേക്കാൾ ഭേദമെന്നോ ഒക്കെ നാം പൊതുവെ പറയാറുണ്ട്. അതിനു കാരണം മനുഷ്യന്റെ ജീവിത രീതികളിലും ചിന്തകളിലും കടന്നുവരുന്ന വന്യവും മൃഗീയവുമായ ക്രൂരതകളുടേയും വറ്റിപ്പോയ സ്നേഹത്തിന്റെയും ഭാവം കൊണ്ടുതന്നെയാവാം. പ്രായഭേദമന്യേ എല്ലാവരിലും വർദ്ധിച്ചുവരുന്ന സ്വയ ചിന്തയും താഴ്മയില്ലാത്ത ഹൃദയവും ലോകത്തെ സ്നേഹിക്കുവാനും, ലോകത്തിലൂടെ തന്നെത്താൻ ജയിച്ചുകാട്ടുവാനും മനുഷ്യരെ വല്ലാതെ പ്രേരിപ്പിക്കുന്നതായി തോന്നുന്നു. കൊച്ചു കുഞ്ഞുങ്ങളിൽപോലും ഈ മാറ്റം പ്രകടമായിക്കഴിഞ്ഞിരിക്കുന്നു.

ഇത്തരുണത്തിൽ, ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസ ജീവിതത്തെയും നമ്മുടെ മുൻപിൽ വളർന്നുവരുന്ന തലമുറയെയുംകുറിച്ചു നമുക്കു ചിന്തിക്കാതിരിക്കുവാനാവില്ല. എല്ലാ ക്രൈസ്തവ സഭകളും മുൻപെങ്ങുമില്ലാത്ത ആധിയോടും പ്രാധാന്യത്തോടുംകൂടിയാണ് നാമുൾപ്പെടുന്ന 'ഈ തലമുറയുടെ പോക്ക്' എങ്ങോട്ടു എന്ന് ഇപ്പോൾ ചിന്തിക്കുന്നത്. അതിനുള്ള കാരണങ്ങൾ പറയാതെതന്നെ നമുക്കു അറിയാം. എന്നാൽ പ്രാർത്ഥനയോടും യാചനയോടും ദൈവസന്നിധിയിലേക്കു നാം കടന്നുചെല്ലുന്നപക്ഷം ദൈവകൃപ ഈ കാര്യത്തിൽ നാം അനുഭവിക്കുകയും ദൈവീക ജ്ഞാനം ഈ കാര്യങ്ങളിൽ നമുക്കു ദൈവം നൽകുകയും ചെയ്യും.

ഇതുവരെ നാം ഈ വിഷയങ്ങളിൽ എന്തൊക്കെ ചിന്തിച്ചുവെന്നും എപ്രകാരം പ്രാർത്ഥിച്ചുവെന്നും ഇനിമേൽ എങ്ങനെ പ്രാർത്ഥിക്കേണമെന്നുമാണ് നാം ഇവിടെ ഗ്രഹിക്കുവാൻ പോവുന്നത്.

പഴയ നിയമ പുസ്തകത്തിൽ അനേകർ തങ്ങളുടെ തലമുറകളെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുന്നത് നാം വായിക്കുന്നുണ്ട്. ആ ഭാഗമെല്ലാം നാം വായിക്കുമ്പോൾ, ഒരു അനുഗ്രഹത്തിന്റെ കേവല വാക്കുകളെക്കാളധികമായി തലമുറകളെക്കുറിച്ചുള്ള ദൈവത്തിന്റെ ചിത്രമാണ് അവർ പ്രാർത്ഥിച്ചു പറഞ്ഞിരുന്നത്. ഉദാഹരണമായി യാക്കോബ്, യോസേഫിന്റെ മക്കളെ അനുഗ്രഹിച്ച വാക്കുകൾ ശ്രദ്ധിക്കുക.

ഉല്പത്തി 48:8-20

8 യിസ്രായേൽ യോസേഫിന്റെ പുത്രന്മാരെ കണ്ടപ്പോൾ: ഇവർ ആരെന്നു ചോദിച്ചു.
9 ദൈവം ഇവിടെ എനിക്കു തന്നിട്ടുള്ള പുത്രന്മാർ എന്നു യോസേഫ് അപ്പനോടു പറഞ്ഞു. അവരെ എന്റെ അടുക്കൽ കൊണ്ടുവരിക; ഞാൻ അവരെ അനുഗ്രഹിക്കും എന്ന് അവൻ പറഞ്ഞു.
10 എന്നാൽ യിസ്രായേലിന്റെ കണ്ണു വയസ്സുകൊണ്ടു മങ്ങി കാൺമാൻ വഹിയാതിരുന്നു; അവരെ അടുക്കൽ കൊണ്ടു ചെന്നപ്പോൾ അവൻ അവരെ ചുംബിച്ച് ആലിംഗനം ചെയ്തു.
11 യിസ്രായേൽ യോസേഫിനോട്: നിന്റെ മുഖം കാണുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല; എന്നാൽ നിന്റെ സന്തതിയെയും കാൺമാൻ ദൈവം എനിക്കു സംഗതി വരുത്തിയല്ലോ എന്നു പറഞ്ഞു.

DIVINE HOPE MISSIONARIES BRISTOL

12 യോസേഫ് അവരെ അവന്റെ മുഴങ്കാലുകൾക്കിടയിൽനിന്നു മാറ്റി
സാഷ്ടാംഗം നമസ്കരിച്ചു.
13 പിന്നെ യോസേഫ് എഫ്രയീമിനെ വലംകൈകൊണ്ടു പിടിച്ച്
യിസ്രായേലിന്റെ ഇടംകൈക്കു നേരെയും മനശ്ശെയെ ഇടംകൈകൊണ്ടു
പിടിച്ചു യിസ്രായേലിന്റെ വലംകൈക്കു നേരെയുമായി ഇങ്ങനെ രണ്ടു
പേരെയും അവന്റെ അടുക്കൽ കൊണ്ടുചെന്നു.
14 യിസ്രായേൽ വലംകൈ നീട്ടി ഇളയവനായ എഫ്രയീമിന്റെ തലയിലും
ഇടംകൈ മൂത്തവനായ മനശ്ശെയുടെ തലയിലുമായി അങ്ങനെ തന്റെ
കൈകളെ പിണച്ചുവച്ചു.
15 പിന്നെ അവൻ യോസേഫിനെ അനുഗ്രഹിച്ചു: എന്റെ പിതാക്കന്മാരായ
അബ്രാഹാമും യിസ്ഹാക്കും ഭജിച്ചുപോന്ന ദൈവം, ഞാൻ ജനിച്ച
നാൾമുതൽ ഇന്നുവരെയും എന്നെ പുലർത്തിയിരിക്കുന്ന ദൈവം,
16 എന്നെ സകല ദോഷങ്ങളിൽനിന്നും വിടുവിച്ച ദൂതൻ ഈ കുട്ടികളെ
അനുഗ്രഹിക്കുമാറാകട്ടെ; എന്റെ പേരും എന്റെ പിതാക്കന്മാരായ
അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും പേരും ഇവരിൽ
നിലനില്ക്കുമാറാകട്ടെ; അവർ ഭൂമിയിൽ കൂട്ടമായി വർധിക്കട്ടെ എന്നു
പറഞ്ഞു.
17 അപ്പൻ വലംകൈ എഫ്രയീമിന്റെ തലയിൽ വച്ചു എന്നു യോസേഫ്
കണ്ടപ്പോൾ അവന് അനിഷ്ടം തോന്നി; അപ്പന്റെ കൈ എഫ്രയീമിന്റെ
തലയിൽനിന്നു മനശ്ശെയുടെ തലയിൽ മാറ്റി വയ്പാൻ പിടിച്ചു.
18 യോസേഫ് അപ്പനോട്: അങ്ങനെയല്ല, എന്റെ അപ്പാ; ഇവനല്ലോ
ആദ്യജാതൻ; ഇവന്റെ തലയിൽ വലംകൈ വയ്ക്കേണം എന്നു പറഞ്ഞു.
19 എന്നാൽ അവന്റെ അപ്പൻ സമ്മതിക്കാതെ എനിക്ക് അറിയാം; മകനേ,
എനിക്ക് അറിയാം; ഇവനും ഒരു വലിയ ജനമായിത്തീരും, ഇവനും
വർധിക്കും; എങ്കിലും അനുജൻ അവനെക്കാൾ അധികം വർധിക്കും;
അവന്റെ സന്തതി ജനസമൂഹമായിത്തീരും എന്നു പറഞ്ഞു.
20 അങ്ങനെ അവൻ അന്ന് അവരെ അനുഗ്രഹിച്ചു. ദൈവം നിന്നെ
എഫ്രയീമിനെയും മനശ്ശെയെയുംപോലെ ആക്കുമാറാകട്ടെ എന്ന്
യിസ്രായേല്യർ നിന്റെ പേർ ചൊല്ലി അനുഗ്രഹിക്കും എന്നു പറഞ്ഞ്
എഫ്രയീമിനെ മനശ്ശെയ്ക്കു മുമ്പാക്കി.

യോസേഫിന്റെ ഇഷ്ടത്തിൽനിന്നുകൊണ്ടല്ല യാക്കോബ് എഫ്രയിമിനെയും മനസ്സെയും അനുഗ്രഹിച്ചത്, പ്രത്യുത, ക്ഷീണിതനെങ്കിലും ദൈവത്തിന്റെ ഇഷ്ടത്തിൽനിന്നുകൊണ്ടു യാക്കോബ് അവരെ അനുഗ്രഹിച്ചുകൊണ്ട് പ്രാർത്ഥിച്ചു.

പുതിയ നിയമ വെളിപ്പാടിൽനിന്നുകൊണ്ട് ഈ ഭാഗം ചിന്തിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. അതെന്തെന്നാൽ, നമ്മുടെ ബുദ്ധിയിലുള്ള ആഗ്രഹങ്ങളെക്കാളപ്പുറമായി നാം ദൈവത്തിന്റെ തിരഞ്ഞെടുപ്പും ദൈവീക വിളിയും ഉറപ്പുവരുത്തിക്കൊണ്ടുവേണം ഓരോ അനുഗ്രഹവും പ്രാർത്ഥനയും ചെയ്യുവാൻ. ഒരുനാളും പ്രാർത്ഥന വ്യക്തികളുടേതായി മാറരുത്, പ്രത്യുത ദൈവീക ഉദ്ദേശങ്ങൾക്കുവേണ്ടി ആയിത്തീരണം. അങ്ങനെയുള്ള പ്രാർത്ഥനകളിൽ ദൈവം പ്രസാദിക്കുകയും, ദൈവം തന്റെ മഹത്വവും തേജസ്സും സാന്നിദ്ധ്യവും പ്രാർത്ഥനയുടെ വാക്കുകളിൽ നിറയ്ക്കുകയും ആത്മശക്തിയാൽ അത്തരം പ്രാർത്ഥനകൾ നിയന്ത്രിക്കപ്പെടുകയും ചെയ്യും.

നാം പ്രാർത്ഥിച്ചുകൊണ്ട് അനുഗ്രഹിക്കുന്നത് നമ്മുടെ ആരുടെയും നാമത്തില്ല എന്നതും നാം ഓർക്കേണ്ടതായുണ്ട്. അനുഗ്രഹം ദൈവം നല്കുന്നത് തന്റെ ഏകജാതനായ യേശുക്രിസ്തുവിലൂടെ അപേക്ഷിക്കുമ്പോൾ മാത്രമാകുന്നു. ഈ ബോധ്യങ്ങൾ നാം മറ്റുള്ളവരെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുമ്പോൾ ക്രിസ്തുവിലേക്കു മാത്രം നോക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ദൈവനാമത്തിന്റെ ശക്തിയിൽ നാം ആശ്രയിക്കുമ്പോൾ പ്രാർത്ഥനയുടെ ശബ്ദത്തിന്റെ ശക്തിയിൽ ശ്രദ്ധാലുവായിരിക്കേണ്ടതില്ല. അത് ക്രമമാം വണ്ണം ദൈവാത്മാവ് നടത്തട്ടെ.

റോമർ 8:26

26 അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു.

ഏതൊരു പ്രാർത്ഥനയും തുടക്കത്തിൽ ഒഴുക്കില്ലാത്തതോ സ്പഷ്ടമോ അല്ലാത്തതായി തോന്നിയാലും ബുദ്ധിയാൽ പ്രാർത്ഥയുടെ മൂല്യം അളക്കാതെ, ദൈവത്തിൽ ആശ്രയം വച്ചുകൊണ്ടുതന്നെ പ്രാർത്ഥനയിൽ തുടരുക. കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം അനുഗ്രഹപൂർവം പ്രാർത്ഥിക്കാറുണ്ട്, എന്നതുപോലെ വ്യക്തികളെയും സമൂഹത്തെയും അനുഗ്രഹിച്ചുകൊണ്ടു പ്രാർത്ഥിക്കുക.

തമ്മിൽത്തമ്മിൽ അനുഗ്രഹപൂർവ്വം ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുമ്പോൾ അവരെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം ജ്ഞാനത്തോടെ ഗ്രഹിക്കുവാനും അവയിലൂന്നി പ്രാർത്ഥിക്കുവാനും ദൈവം നമ്മെ സഹായിക്കും. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ദൈവഹൃദയത്തിലുള്ളത് ആ വ്യക്തിയിലേക്ക് ദൈവീക സ്നേഹത്താൽ അറിയിക്കുവാനും ദൈവതേജസാൽ ആ അന്തരീക്ഷം നിറയുവാനും ഇടയാകും.

ഈ അനുഗ്രഹപൂർണ്ണമായ പ്രാർത്ഥനയിൽ ദൈവത്തിന്റെ മുൻനിർണ്ണയ പദ്ധതികളെക്കുറിച്ചു നാം സംസാരിച്ചേക്കാം. ആ നേരം ആ വ്യക്തിക്കാവശ്യമായ ദൈവകൃപയും ദൈവശക്തിയും ആ പ്രാർത്ഥനയിലൂടെ പകരപ്പെടുകയും ചെയ്തേക്കാം. നോക്കൂ, നമ്മുടെ ഹൃദയത്തിൽ നിന്ന് മറ്റുള്ളവർ അനുഗ്രഹിക്കപ്പെടണമെന്ന പ്രാർത്ഥന പുറപ്പെട്ടുവരുമ്പോൾ നാം അവർക്കൊരു അനുഗ്രഹമായി മാറുന്നു.

അതേ, നമ്മുടെ പ്രാർത്ഥനകൾ ദൈവീക പദ്ധതികളിൽ ഊന്നിയുള്ളതാണെങ്കിൽ അത്തരം പ്രാർത്ഥനകൾക്ക് ഒരു വിശാലമായ തലം ദൈവം നൽകും. ഈ വിശാലമായ തലം എന്തെന്നു ചിന്തിക്കാം. ഉദാഹരണമായി നാം ഒരു വ്യക്തിക്കുവേണ്ടി പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കുന്നു എന്ന് വയ്ക്കുക. ആ വ്യക്തിയോടൊപ്പമോ ഫോണിലൂടെയോ മാത്രമല്ല, ആ വ്യക്തിയെ ഓർത്തുകൊണ്ടും നമുക്കു വ്യക്തിപരമായി പ്രാർത്ഥിക്കാൻ കഴിയും. എപ്രകാരമായിരുന്നാലും, ആ പ്രാർത്ഥനയിൽ ആ വ്യക്തിയെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹത്തെയും പദ്ധതിയെയുംകുറിച്ചു ദൈവത്തോട് ചോദിച്ചുകൊണ്ട് പ്രാർത്ഥിക്കുക. ഇപ്രകാരം പ്രാർത്ഥന എന്നത് ദൈവത്തോടുള്ള ഒരു സംഭാഷണമായിത്തീരുമ്പോൾ ദൈവഹിതപ്രകാരം പ്രാർത്ഥിക്കുവാൻ

DIVINE HOPE MISSIONARIES
BRISTOL

നമുക്ക് കഴിയുന്നു. ഇങ്ങനെയല്ലാത്തപക്ഷം, നാം പ്രാർത്ഥിക്കുന്ന വ്യക്തിയെക്കുറിച്ചുള്ള നമ്മുടേതായ ചിന്തകളും ഭാവനകളും നമ്മെ സ്വാധീനിക്കുവാൻ ഇടയായിത്തീരും.

മേല്പറഞ്ഞ സംഭാഷണം തുടരുന്തോറും പ്രധാനമായ രണ്ടു കാര്യങ്ങൾ അവിടെ സംഭവിക്കുന്നു. ഒന്ന് നാം സൂചിപ്പിച്ചതുപോലെ ആ വ്യക്തിയെക്കുറിച്ചുള്ള ദൈവീക പദ്ധതിയെ നാം പ്രാർത്ഥനയിലൂടെ വെളിപ്പെടുത്തുകയും ആ വ്യക്തിക്കു ദൈവീക പദ്ധതിയിലേക്ക് അടുത്തുവരുവാൻ നാം ഒരു വഴിയൊരുക്കുകയും ചെയ്യുന്നു. രണ്ടാമതായി, നമ്മുടെ ആത്മതലം ദൈവത്തോടുചേർന്നുള്ള സംഭാഷണത്താൽ ദൈവീക ജ്ഞാനത്തെ തിരിച്ചറിയുന്നതും ദൈവത്തോടു കൂടുതൽ ആത്മബന്ധം പുലർത്തുവാൻ സജ്ജമായിത്തീരുകയും ചെയ്യുന്നു. ഇത് മാത്രമല്ല, നമ്മുടെ പ്രാർത്ഥനയിൽ ദൈവത്തിന്റെ ശബ്ദം (അത് വാക്കുകളായോ വചനങ്ങളായോ ആലോചനകളായോ ചിത്രങ്ങളായോ...) മുഴങ്ങുമ്പോൾ അവയിലേക്കു നാം അധികം ശ്രദ്ധാലുക്കളായിത്തീരുന്നു. തൽഫലമായി, പ്രാർത്ഥന അധരവ്യായാമമായിത്തീരാതെ ആത്മീയ ശ്രദ്ധയാലും ഏകാഗ്രതയാലും നിറയെപ്പെടുന്നു.

ഉല്പത്തി 48:11
11 യിസ്രായേൽ യോസേഫിനോട്: നിന്റെ മുഖം കാണുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല; എന്നാൽ നിന്റെ സന്തതിയെയും കാൺമാൻ ദൈവം എനിക്കു സംഗതി വരുത്തിയല്ലോ എന്നു പറഞ്ഞു.

ഈ വാക്യത്തിൽ യാക്കോബ് പറയുന്ന ഒരു കാര്യം ശ്രദ്ദേയമാണ്. ഒരിക്കലും കാണുകയില്ലെന്നു തന്റെ ചിന്തയിൽ താൻ യോസേഫിനെക്കുറിച്ചു ചിന്തിച്ചു എന്നാൽ ദൈവം, യോസേഫിനെയും അവന്റെ സന്തതിയെയും ജീവനോടെ കാണുവാൻ ഇടവരുത്തി. അത് മാത്രമല്ല, തന്റെമേൽ ദൈവം നൽകിയിരിക്കുന്ന അനുഗ്രഹത്തിന്റെ വാക്കുകൾ അടുത്ത തലമുറകളിലേക്കു പകരുവാൻ ദൈവം ഈ സമയം മുന്നൊരുക്കിയിരുന്നു എന്ന് യാക്കോബ് തിരിച്ചറിഞ്ഞു. നോക്കൂ, അനുഗ്രഹത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്കായി ദൈവം സമയങ്ങളും കാലങ്ങളും മുന്നൊരുക്കിയിരിക്കുന്നു. നമ്മുടെ നാവിലെ പ്രാർത്ഥനകൾ, അതിന്റെ ഉടമ

ദൈവം ആണെങ്കിൽ, ആ പ്രാർത്ഥനകൾ അനുഗ്രഹമായി പുറത്തുവരുവാൻ ദൈവം സമയം നിശ്ചയിച്ചിരിക്കും തീർച്ച. പ്രാർത്ഥനയാലുള്ള അനുഗ്രഹത്തിന്റെ വില പ്രാർത്ഥിക്കുന്നവൻ മനസ്സിലാക്കുമ്പോൾ അവ പകരപ്പെടേണ്ടുന്ന ഇടത്തെ ദൈവവും ഒരുക്കും. ഇതാണ് പ്രാർത്ഥനയുടെ വിശാല തലം . നമ്മുടെ ചിന്തയ്ക്കും ആലോചനയ്ക്കും ആഗ്രഹത്തിനുമപ്പുറമായി പ്രാർത്ഥന ഒരു ദൈവീക സമയത്തിലൂടെ നമ്മിൽ മുൻനിയമിച്ചിരിക്കുന്നു.

അനുഗ്രഹത്തിന്റെ പ്രാർത്ഥന ഒരു പാഴ്വാക്കല്ല. നാം തമ്മിൽ തമ്മിൽ പറഞ്ഞ കുശല വാക്കുകളും കൗശല വാക്കുകളും അന്തരീക്ഷത്തിൽ നിശബ്ദമായിത്തീരുമ്പോൾ ദൈവായിഷ്ടത്താൽ നമ്മിലൂടെ പുറത്തുവന്ന പ്രാർത്ഥന ജീവൻ നല്കുന്നതായിത്തീരും.

നിർഭാഗ്യമെന്നു പറയട്ടെ, പലചരക്കുകടയിൽ സാധനം പൊതിഞ്ഞുനൽകുന്ന ചണനൂലിനുസമമായ പ്രാർത്ഥനയാണ് പലപ്പോഴും 'പ്രാർത്ഥന' എന്ന പേരിൽ നാം ചെയ്യുന്നത്. നമ്മിലെ ദൈവീക ബോധ്യങ്ങളുടെ അഭാവമാവാം ഇത്തരമൊരു ചണനൂലിനുസമമായ പ്രാർത്ഥന കഴിക്കുവാൻ നമ്മിൽ ഇടയാക്കുന്നത്. എന്നാൽ അഴിഞ്ഞുപോവാത്ത ദൈവ ശക്തിയാൽ അനുഗ്രഹത്തിന്റെ പ്രാർത്ഥന പുറത്തുവരണമെന്നു ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

നമ്മുടെ കുടുംബത്തിലെ വ്യക്തികളെയും സാഹചര്യങ്ങളെയും അങ്ങനെ സകലവും എങ്ങനെ ദൈവത്താൽ പരിപാലിക്കപ്പെടണമെന്നുള്ള ചെറുചിന്ത നമ്മിൽ എല്ലാവരിലും ഉണ്ട്. അതിനൊത്തവണ്ണം നാം ഇന്നുവരെ നമ്മുടേതായ സകലത്തിന്റെയും പരിപാലനത്തിനും അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുവരുന്നു. എന്നാൽ, കുടുംബത്തിന്റെ പുറത്തേക്കു, അതായതു ദൈവരാജ്യത്തിലുള്ള സകലത്തിലേക്കും നമ്മുടെ പ്രാർത്ഥന അനുഗ്രഹപൂർണ്ണമായി കടന്നുചെല്ലുമ്പോഴാണ്, നാം തുടക്കത്തിൽ ചിന്തിച്ച ഇക്കാലഘട്ടത്തിലെ പ്രതിസന്ധികൾക്കു ഉത്തരമായി നമ്മുടെ പ്രാർത്ഥന തീരുന്നത്.

മത്തായി 17:21-22
21 “നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു: ഇവിടെ നിന്നു അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്കു ഒന്നും അസാദ്ധ്യമാകയുമില്ല. (എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല) എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു” എന്നു പറഞ്ഞു.

കുടുംബത്തിനുവേണ്ടി നാം കഴിക്കുന്ന പ്രാർത്ഥന ദൈവരാജ്യത്തിലും അനുഗ്രഹപൂർണ്ണമായിചെന്നേ മതിയാവൂ. നാം ബുദ്ധിയാലും സ്വയചിന്തയാലും നിർമിച്ചിരിക്കുന്ന അതിർവരമ്പുകൾ എല്ലായിടത്തുമുണ്ട്. അത് വിശ്വാസത്തിന്റെ കാര്യത്തിലും ശുശൂഷകളുടെ കാര്യത്തിലും ശുശ്രൂഷകന്മാരുടെ കാര്യത്തിലും എന്തിനേറെ, നമ്മുടെ പ്രാർത്ഥനയിൽപോലും പ്രകടമാണ്. ഈ അതിർവരമ്പുകൾ നാം ചിന്തയിൽ മെനഞ്ഞെടുത്തതും ബുദ്ധിയിൽ കൂട്ടിക്കെട്ടിയിരിക്കുന്നതുമാണ്. അതുകൊണ്ട് ദുഷ്ടനെന്നും നീചനെന്നും നാം കരുതുന്നവരെ അനുഗ്രഹിക്കുവാൻ നമ്മുടെ ബുദ്ധി നമ്മെ അനുവദിക്കുകയില്ല. ദൈവം ആഗ്രഹിച്ചാലും നാം ദൈവത്തെയും തടുക്കും!

പ്രവൃത്തികൾ 9:10-16
10 എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ ദമസ്കൊസിൽ ഉണ്ടായിരുന്നു: അവനെ കർത്താവു ഒരു ദർശനത്തിൽ: അനന്യാസേ എന്നു വിളിച്ചു. കർത്താവേ, അടിയൻ ഇതാ എന്നു അവൻ വിളികേട്ടു.
11 കർത്താവു അവനോടു: നീ എഴുന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൌൽ എന്നു പേരുള്ളവനെ അന്വേഷിക്ക;
12 അവൻ പ്രാർത്ഥിക്കുന്നു; അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിന്നു തന്റെ മേല കൈ വെക്കുന്നതു അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു.
13 അതിന്നു അനന്യാസ്: കർത്താവേ, ആ മനുഷ്യൻ യെരൂശലേമിൽ നിന്റെ വിശുദ്ധന്മാർക്കു എത്ര ദോഷം ചെയ്തു എന്നു പലരും പറഞ്ഞു ഞാൻ കേട്ടിരിക്കുന്നു.
14 ഇവിടെയും നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും പിടിച്ചുകെട്ടുവാൻ അവന്നു മഹാപുരോഹിതന്മാരുടെ അധികാരപത്രം ഉണ്ടു എന്നു ഉത്തരം പറഞ്ഞു.

DIVINE HOPE MISSIONARIES
BRISTOL

15 കർത്താവു അവനോടു: നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു.
16 എന്റെ നാമത്തിന്നു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു.

ഇതിനു കാരണം, മുൻപ് സൂചിപ്പിച്ചതുപോലെ നാം അനുഗ്രഹത്തിന്റെ പ്രാർത്ഥന നമുക്കും നമ്മുടെ കുടുംബത്തിനായി മാറ്റിവച്ചിരിക്കുന്നു എന്നതിനാലും 'നമ്മുടേതായ സാന്മാർഗിക ചിന്ത'കളിൽ പാപിയുടെ മാനസാന്തരം കടന്നുവരാത്തതുംമൂലമാണ്. സത്യത്തിൽ, പാപിയുടെ മാനസാന്തരം നാം ആഗ്രഹിക്കുന്നില്ലായെങ്കിൽ ക്രിസ്തുവിനെ തള്ളിക്കഞ്ഞുകൊണ്ടു 'നമ്മുടേതായ ഒരു ക്രിസ്തു'വിനെ നാം മനസ്സിൽ പ്രതിഷ്ഠിക്കുകയും ആ പ്രതിഷ്ടയിൽ നമ്മുടെ സന്മാർഗ്ഗികതയെ അടിച്ചേൽപ്പിക്കുകയും ചെയ്യുകയാണ് നാം ചെയ്യുന്നത്. നോക്കൂ, ഇങ്ങനെ നാം ക്രിസ്തുവിന്റെ സ്നേഹത്തെയും ദീർഘക്ഷമയെയും തള്ളിക്കളയുന്നവരായി മാറുകയാണ് ചെയ്യുന്നു.

നാം ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും ഒരു ഓഡിറ്റിംങ്ങിനു വിധേയമാക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ ശരീരമായ സഭയിലാണ് നാം ആയിരിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമായ ഈ സഭയിൽ നാം വസിക്കുമ്പോൾ ദൈവം നൽകിയ അധികാരത്തോടെ നാം ആയിരിക്കുമ്പോൾ തന്നെ ദൈവഹിതപ്രകാരം അനുഗ്രഹത്തോടെ സകല ജനത്തിനായും ദൈവം ചേർത്തുവയ്ക്കുന്ന സകലർക്കയും അനുഗ്രഹത്തോടെ പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നാം പ്രവർത്തിക്കുന്ന നല്ല അവയവങ്ങളായി സഭയിൽ മാറുകയാണ് ചെയ്യുന്നത്.

കാലഘട്ടങ്ങൾ മാറും ജനവും അവയിലെ സംസ്കാരങ്ങളും സകലവും മാറിയാലും, ചുറ്റുപാടുകളെയും വ്യക്തികളെയും അവർ ആയിരിക്കുന്ന അവസ്ഥകളിലേക്കു നോക്കാതെ ദൈവത്തിങ്കലേക്കു മാത്രം നോക്കി , അവരെക്കുറിച്ചുള്ള ദൈവത്തിന്റെ മുൻനിർണ്ണയ പദ്ധതി അവരിൽ സംഭവിക്കുവാൻ, രക്ഷകനായ ക്രിസ്തുവിനെ അറിയുക എന്ന അനുഗ്രഹം അവർക്കു ലഭിക്കേണ്ടതിനായി അനുഗ്രഹത്തോടെ പ്രാർത്ഥിക്കുകയും ചെയ്യുക.

DIVINE HOPE MISSIONARIES
BRISTOL

എഫെസ്യർ 1:20-23
20 അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർപ്പിക്കയും
21 സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും കർത്തൃത്വത്തിന്നും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിന്നും അത്യന്തം മീതെ ഇരുത്തുകയും
22 സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു അവനെ സർവ്വത്തിന്നും മീതെ തലയാക്കി
23 എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു.

ഏതെങ്കിലുമൊരു സാമൂഹിക രാഷ്ട്രീയ സാമുദായിക നേതാവിനോ ഭരണകർത്താവിനോ വേണ്ടി നാം ചെയ്യുന്ന പ്രാർത്ഥന എപ്രകാരമാമെന്നു ചിന്തിക്കുക. അവരെ പ്രാർത്ഥനയിൽ ഓർത്തുകൊണ്ടു അനുഗ്രഹിക്കുവാൻ ഈ ഭൂമിയിൽ ദൈവം ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ? ദൈവത്തിന്റെ സഭയായ നമ്മെ ഓരോരുത്തരെയും തന്നെ.

രാഷ്ട്രപരമായി ഒന്നു ചിന്തിക്കൂ, ഇന്നത്തെയും നാളത്തെയും നിയമനിർമാണങ്ങൾ അവരിലൂടെയാണ് രാജ്യത്തിൻറെ പുരോഗതിക്കും നന്മയ്ക്കുമായി വരേണ്ടുന്നത്. പക്ഷെ, നമ്മളിൽ എത്രപേർ ഇങ്ങനെയുള്ള രാഷ്ട്രത്തിന്റെ ഭരണകർത്തകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട് ? ഒരു ക്രൈസ്തവ പീഡനം സംഭവിക്കുമ്പോൾ നമുക്കാവശ്യമായ നിയമനിർമാണങ്ങൾക്കായി നാം പ്രാർത്ഥിക്കുന്നു. ഒപ്പം, സാമുദായികമായ വെല്ലുവിളികൾ നേരിടുമ്പോഴും ഭരണകർത്താക്കളോട് ദൈവം സംസാരിക്കുവാനും നാം പ്രാർത്ഥിക്കുന്നു. ഇതാണോ ദൈവം നമ്മിൽ നൽകിയിരിക്കുന്ന ആത്മീയ ഉത്തരവാദിത്വമെന്നു സ്വയം ചിന്തിക്കുക. നമ്മെ തൊടുമ്പോൾമാത്രം നാം ഉണരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുവെങ്കിൽ നമുക്ക് ഇക്കാര്യത്തിൽ ഒരു ഉണർവ്വ് ഉണ്ടായേ തീരൂ. കാരണം ഉണർത്താതെ ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ കഴിയുന്നില്ല എന്ത് തന്നെ കാര്യം.

1 തിമൊഥെയൊസ് 2:1-4

1 എന്നാൽ സകലമനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും
കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു
2 വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി
യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു
ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നു.
3 അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും
പ്രസാദകരവും ആകുന്നു.
4 അവൻ സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ
പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു.

യിരേമ്യാവു 29:7

7 ഞാൻ നിങ്ങളെ ബദ്ധന്മാരായി കൊണ്ടുപോകുമാറാക്കിയ പട്ടണത്തിന്റെ
നന്മ അന്വേഷിച്ചു അതിന്നുവേണ്ടി യഹോവയോടു പ്രാർത്ഥിപ്പിൻ; അതിന്നു
നന്മ ഉണ്ടെങ്കിൽ നിങ്ങൾക്കും നന്മ ഉണ്ടാകും.

വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ സമൂഹ നന്മയ്ക്കു ഉപകാരമായി വരേണ്ടതിനായി നാം പ്രാർത്ഥിച്ചിരുന്നുവോ? ഒരു രാജ്യത്തിൻറെ നിയമനിർമാണങ്ങളിൽ പ്രധാന പദവിയുള്ള സുപ്രീം കോടതിയുൾപ്പടെയുള്ള കോടതികളെക്കുറിച്ചു നാം പ്രാർത്ഥിച്ചിട്ടുണ്ടോ? കൊച്ചുകുഞ്ഞുങ്ങൾ പഠിക്കുന്ന സ്കൂളുകൾ അവിടെ ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യവിഷയങ്ങളെക്കുറിച്ചു നാം പ്രാർത്ഥിച്ചിട്ടുണ്ടോ ? കാരണം നല്ല മൂല്യങ്ങൾ ഉള്ള പാഠ്യവിഷയങ്ങളും, ഓരോ കുഞ്ഞുങ്ങളിലും Visionary കളെ(ദർശകരെ) കാണുന്ന അധ്യാപകരും ഉണ്ടാകേണമെന്നു നാം ആഗ്രഹിക്കുകയും അവയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടോ? പൊലീസിങ് സംവിധാനങ്ങളെക്കുറിച്ചും വർദ്ധിച്ചുവരുന്ന ക്രിമിനൽ ആക്ടിവിറ്റികളെക്കുറിച്ചും നാം ആശങ്കയോടുകൂടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചിട്ടുണ്ടോ? നാട്ടിൽ കൂണുപോലെ വർദ്ധിച്ചുവരുന്ന ഹോസ്പിറ്റലുകളെയോർത്തു നാം പ്രാർത്ഥിച്ചിട്ടുണ്ടോ? ഇവയെക്കുറിച്ചെല്ലാം നാം അനേകാവർത്തി ചിന്തിച്ചിട്ടുണ്ടാകാം എന്നാൽ, ചിന്തയല്ല, യേശുക്രിസ്തുവിൻ നാമത്തിൽ അനുഗ്രഹം നിറഞ്ഞ പ്രാർത്ഥനയാണ് ഇവിടെ ആവശ്യം.

DIVINE HOPE MISSIONARIES
BRISTOL

വഴിതെറ്റുന്ന യുവതലമുറയെക്കുറിച്ചു നാം വാചാലരാവുന്നുണ്ടെങ്കിലും മേൽപ്പറഞ്ഞ യാതൊന്നുംഓർത്തു പ്രാർത്ഥിക്കുവാനോ അവരെ നാം അനുഗ്രഹിക്കുവാനോ ഇതുവരെ ശ്രമിച്ചിട്ടില്ല എന്നതാണ് സത്യം. ക്രിസ്തുവിശ്വാസികളും ശുശ്രൂഷകരും ഒരുപോലെ തങ്ങളുടേതായ ചിന്താ വലയത്തിൽ കുരുങ്ങിക്കിടക്കുമ്പോൾ കാലഘട്ടത്തെ പഴിക്കുവാൻ മാത്രമേ നമുക്കു കഴിയുന്നുള്ളു എന്നതാണ് വാസ്തവം. എല്ലാരെയുംകുറിച്ചല്ല ഇത് പറയുന്നത് ഞാനും നിങ്ങളും ഉൾപ്പെടുന്ന വിശ്വാസ സമൂഹത്തിനു, ദൈവത്തോടും നാം ആയിരിക്കുന്ന (അഥവാ ദൈവം ആക്കിവച്ചിരിക്കുന്ന) ദേശത്തോടും രാജ്യത്തോടും ഉത്തരവാദിത്വമുണ്ട്. അത് ഗ്രഹിക്കുവാനും അവയെ ദൈവീകജ്ഞാനത്തോടുകൂടി സമീപിച്ചുപ്രാർത്ഥിക്കുവാനും നാം ഒരുങ്ങേണ്ടിയിരിക്കുന്നു. ഇപ്രകാരം പ്രാർത്ഥിക്കുവാൻ നാം ഒരുക്കപ്പെടുമ്പോൾ ദൈവം ഒരുക്കിയിരിക്കുന്ന പ്രാർത്ഥനാലോകത്തിന്റെ വിശാലതകൾ നാം കണ്ടുതുടങ്ങും. ഈ വിശാലത കാണാതെപോവുന്നവർ സഭാ - സാമുദായിക വിഷയങ്ങളിൽ പക്ഷംചേർന്നു ഉരുകിമറിയുന്നവരും ഉഴലുന്നവരുമായിത്തീരുന്നു.

സദൃശ്യവാക്യങ്ങൾ 29:18
18 വെളിപ്പാടു ഇല്ലാത്തെടത്തു ജനം മര്യാദവിട്ടു നടക്കുന്നു; ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യവാൻ.

വിദ്യാസമ്പന്നരായ അനേകം സിവിൽ സർവീസ് ഉദ്യോഗസ്ഥർ നമ്മുടെ രാജ്യത്തുണ്ട്. പൊളിറ്റിക്കൽ / പ്രൈവറ്റ് സെക്രട്ടറിമാർ മുതൽ അനേകം തസ്തികകളിൽ ഇവർ ജോലിചെയ്യുന്നുണ്ട്. എന്നാൽ അവർ തങ്ങൾക്കു ലഭിച്ച നല്ല ബോധ്യങ്ങൾ അതേപടി സമൂഹത്തിനും നാടിനും കൊടുക്കുവാൻ കഴിയാത്തവണ്ണം രാഷ്ട്രീയ രീതികളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. തൽഫലമായി അവരിൽനിന്നും നാടിനും രാഷ്ട്രത്തിന്റെ പുരോഗതിക്കും ആവശ്യമായ നന്മകൾ തടയപ്പെടുന്നു. ഇങ്ങനെയുള്ളവർക്കും പ്രാർത്ഥന ആവശ്യമല്ലേ ? എല്ലാ സംസ്ഥാനങ്ങളിലും വിദ്യാസമ്പന്നരായ യുവാക്കൾ ജോലിയില്ലാതെ തെറ്റായ മാർഗ്ഗങ്ങളിലേക്കു ചെന്നുചേരുന്നു. അവരെ ഏറ്റവും നല്ല രീതിയിൽ ഉപയോഗിക്കുവാൻ കഴിയുന്ന സ്ഥാപനങ്ങൾ രാജ്യത്തുണ്ടാകുവാൻ ആരാണ് ദൈവത്തോട് പ്രാർത്ഥിക്കേണ്ടുന്നത് ?

DIVINE HOPE MISSIONARIES
BRISTOL

നോക്കൂ, ഇങ്ങനെയുള്ള പ്രാർത്ഥന വിഷയങ്ങളെ നാം തമസ്ക്കരിച്ചുകൊണ്ടു നാം സൃഷ്ടിച്ച, നമ്മുടേതായ പ്രാർത്ഥനാലോകത്താണ് നാം പ്രാർത്ഥനാ വീരരെന്നു സ്വയം വിശേഷിപ്പിക്കുന്നത്! ഒറ്റനോട്ടത്തിൽ ഇപ്പറഞ്ഞവയൊക്കെ ബാലിശമായി തോന്നിയേക്കാം എന്നാൽ അനുഗ്രഹത്തോടുകൂടിയ പ്രാർത്ഥന ലോകത്തിന്റെ എല്ലാ ഇടങ്ങളിലും ഇന്ന് ആവശ്യമാണ്.

മേല്പറഞ്ഞവയെല്ലാം നാം അനുഗ്രഹത്തോടുകൂടി പ്രാർത്ഥനയിൽ വഹിക്കേണ്ടുന്നവയുടെ ചെറിയ പട്ടികകൾ മാത്രമാണ്. കോളേജുകളും വാഹനങ്ങളൂം റോഡുകളും ആശുപത്രികളും തുടങ്ങി സകല സ്ഥാപനങ്ങളും സ്ഥാനപതികളെയും അനുഗ്രഹിച്ചുപ്രാർത്ഥിക്കുവാൻ നാം ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. വിവിധ സഭകളെയും സഭ നേതാക്കളെയും തുടങ്ങി മറ്റു മതങ്ങളിൽ ദൈവത്തോടുള്ള ഭക്തിയിൽ കഴിയുന്ന അനേകരെയോർത്തു പ്രാർത്ഥിക്കുവാനും നാം ജ്ഞാനം പ്രാപിക്കേണ്ടിയിരിക്കുന്നു. അന്യായം വർദ്ധിക്കുന്ന ഈ ലോകത്തു ദൈവം നൽകിയിരിക്കുന്ന ആത്മീയ അധികാരം അനുഗ്രഹപൂർണ്ണമായി പ്രാർത്ഥനയിൽ നാം വിനിയോഗിക്കുമെങ്കിൽ ദൈവപ്രവൃത്തികളെക്കണ്ടുകൊണ്ടു വളരുവാൻ നമ്മുടെ തലമുറകൾക്കു ഇടയായിത്തീരും.

മാറുന്ന കാലഘട്ടത്തിൽ മാറ്റം വരുത്തി ചിന്തിക്കുമ്പോൾ അവിടെയും ദൈവത്തിന്റെ ജ്ഞാനം നാം പ്രാപിക്കുന്നുവെങ്കിൽ പ്രാർത്ഥനയിലൂടെ നാടും ലോകവും അനുഗ്രഹം പ്രാപിക്കുകതന്നെ ചെയ്യും. പ്രാർത്ഥനയാൽ ഒരു ഉണർവ്വ് ദേശത്തുസംഭവിക്കുമ്പോൾ, അത് ആർക്കും മറിച്ചുകളയുവാൻ കഴിയാത്ത സാക്ഷ്യമായിത്തീരുമെന്നതിൽ സംശയമില്ല.

നമുക്കു പ്രാർത്ഥിക്കാം, കരുണാസമ്പന്നനായ ഞങ്ങളുടെ നല്ല പിതാവേ, ഈ കാലഘട്ടത്തിൽ നിന്നുകൊണ്ട് വരുംകാല ദൈവീക ഭാവി സകലരിലും കണ്ടുകൊണ്ടു സകലരെയും അനുഗ്രഹിച്ചു പ്രാർത്ഥിക്കുവാനും അവരിലൂടെ ദൈവം കണ്ടിരിക്കുന്ന പദ്ധതിയിലേക്ക് അവരെ തിരിച്ചുകൊണ്ടുവരുവാനുമുള്ള അനുഗ്രഹത്തിന്റെ വാക്കുകളും ഞങ്ങളുടെ നാവിലും ഹൃദയത്തിലും അങ്ങ് നിറയ്ക്കേണമേ. പ്രാർത്ഥന ജീവിതത്തിന്റെ വിശാലതകളെ കാണുവാൻ ഞങ്ങളുടെ കണ്ണുകൾ തുറന്നു തരേണമേ. അങ്ങയുടെ ഹിതമറിഞ്ഞു അനുഗ്രഹിപ്പാനും സ്നേഹിക്കാനും ഞങ്ങളെ പഠിപ്പിക്കേണമേ. താഴ്മയോടെ അങ്ങയുടെ തേജസ്സേറിയ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ ദിനവും ഒരുക്കേണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു നല്ല പിതാവേ, ആമേൻ.

Pr. **ജിബി തോമസ്**
Divine Hope Missionaries Church
(Bristol, United Kingdom)

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ആദ്യം, സ്വയത്തിൽ വിശ്വസിക്കുവാനും സ്വന്ത ശക്തിയിൽ ആശ്രയിക്കാനും സ്വന്തം ആഗ്രഹങ്ങൾക്കായി പോരാടുവാനും അവർ നമ്മെ പഠിപ്പിക്കും. പിന്നീട് ലോകത്തിലേക്ക് മാത്രം നോക്കി ജീവിക്കുവാൻ അവർ നമ്മെ നിരന്തരം പ്രേരിപ്പിക്കും.

എന്നാൽ ദൈവവചനം പറയുന്നു, ദൈവത്തിൽ ആശ്രയം വച്ചുകൊള്ളുക. ദൈവം നിന്റെ കൈക്കുപിടിച്ചു നീ പോകേണ്ടുന്ന വഴി കാണിച്ചുതരും. എല്ലാനാളും ദൈവം നിന്നോടുകൂടെയുണ്ട്.

യോഹന്നാൻ 14
1. നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ.

യെശയ്യാ 41
10. നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും

- DIVINE HOPE MISSIONARIES (BRISTOL, UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL